(2) ജനകീയാസൂത്രണത്തിന്റെ ഒന്നാം വാർഷികത്തിൽ കേരളത്തിലെ വിവിധ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതി രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ പ്രവർത്തനം സി-ഡിറ്റ് പൂർത്തിയാക്കി. ഡാറ്റാ ബേസ് സംസ്ഥാന ആസൂത്രണ ബോർഡിന് കൈമാറി.

(3) ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, അതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനും സി-ഡിറ്റിന് കഴിയുന്നു.

(4) വർക്കല മുനിസിപ്പാലിറ്റിയിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം സി-ഡിറ്റിന് നൽകി. സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള സ്മൈഡ് പ്രോജക്ടിന്റെ ഭാഗമായി കുമരകം പഞ്ചായത്തിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു.

(5) ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രവിഷയങ്ങളിൽ വീഡിയോ മാധ്യമം ഉപയോഗിച്ച് പരിശീലനം നൽകുന്ന 'പഠന കൗതുകം' പരിപാടി ആരംഭിച്ചു. 1998-99 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലാ പഞ്ചായത്തുമായി ചേർന്നുകൊണ്ട് ഭൂമിശാസ്ത്രവിഷയത്തിൽ ഒരു വീഡിയോ ചിത്രം നിർമ്മിച്ചു.

13 (*297) പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് പ്രോഗ്രാം

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രോഗ്രാമിന് കീഴിൽ എന്തെല്ലാമാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പ്രോഗ്രാമിൽ കർഷകപങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതുറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് പ്രോഗ്രാം കേരളത്തിലെ കണക്കുകളിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പ്രോഗ്രാമിൽ 'കാഡാ' യുടെ കീഴിൽ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നിവയുടെ നിർമ്മാണ ജോലികൾ പൂർണ്ണമായും കർഷകപങ്കാളിത്തത്തോടെ നടത്തിവരുന്നുണ്ട്. കൂടാതെ ഡിസ്ട്രിബ്യൂട്ടറികളുടേയും മൈനറുകളുടെയും എല്ലാ അറ്റകുറ്റപണികളും തീർത്ത്

LIBRARY ARCHIVES Kerala Legislative Assembly

അവ പൂർണ്ണമായും കൃഷിക്കാർക്ക് കൈമാറാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കാലക്രമേണ മെയിൻ കനാലുകളും റിസർവോയറുമൊഴികെ എല്ലാ സംവിധാനങ്ങളും കൃഷിക്കാർക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി പൈലറ്റ് പ്രോജക്ട് നടപ്പിലാക്കാൻ പെരിയാർവാലി പ്രോജക്ടിലെ നെല്ലാട് ഡിസ്ട്രിബ്യൂട്ടറിയുടേയും മലമ്പുഴ പ്രോജക്ടിലെ കുനിശ്ശേരി ബ്രാഞ്ച് കനാലിന്റേയും യഥാക്രമം 39.50 ലക്ഷം രൂപയും, 34.50 ലക്ഷം രൂപയ്ക്കുമുള്ള എസ്റ്റിമേറ്റുകൾ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതിയും ധനസഹായവും ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(സി) ഈ പ്രോഗ്രാമിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ പൂർണ്ണമായും കർഷകപങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

14 (*298) ചെപ്പോടുകളും താളിയോലഗ്രന്ഥങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതികൾ

ശ്രീമതി സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറിസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല തറവാടുകളുടെയും മനകളുടെയും കൈവശമുള്ള ചെപ്പോടുകളും താളിയോലഗ്രന്ഥങ്ങളും സംരക്ഷിക്കുന്നതിന് ഗവൺമെന്റിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് അതിന്റെ ഉടമസ്ഥർക്ക് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഇത്തരം പദ്ധതികളൊന്നും പുരാരേഖവകുപ്പിൽ ഇപ്പോൾ നിലവിലില്ല. പൊതുജന സഹകരണത്തോടെ ഇത്തരത്തിലുള്ള വസ്തുക്കൾ ശേഖരിച്ചു സംരക്ഷിക്കുന്നതിന് നടപടികൾ പുരാരേഖ വകുപ്പ് ആവിഷ്കരിച്ചു വരുന്നുണ്ട്. എന്നാൽ ചരിത്രപ്രാധാന്യമുള്ള ചെപ്പോടുകൾ, താളിയോലരേഖകൾ, ശിലാലിഖിതങ്ങൾ എന്നിവ കണ്ടെത്തിയതായി ഉടമസ്ഥർ അറിയിക്കുകയും അവ വിട്ടുകൊടുക്കുകയും ചെയ്താൽ പുരാവസ്തുവകുപ്പ് അവ ഏറ്റെടുത്ത് സംരക്ഷിക്കുന്നതാണ്.

(സി)&(ഡി) ധനസഹായം നൽകുന്ന പദ്ധതി ഒന്നും നിലവിലില്ല.

15 (*299) അനുഷ്ഠാനകലകളെയും ക്ഷേത്രകലകളെയും പ്രോത്സഹിപ്പിക്കുവാൻ നടപടി

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly